**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **602** **08.03.2012 ൽ** മറുപടിക്ക്

**സമഗ്ര ആരോഗ്യ നയം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | **ശ്രീ. അടൂർ പ്രകാശ്**<br>**(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)** |
| എ) കേരളത്തിൽ നിന്നും അപ്രത്യക്ഷമായ പല പകർച്ചവ്യാധികളും തിരിച്ചു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ ; | എ) കേരളത്തിൽ നിന്നും നിയന്ത്രിച്ചു നിർത്തപ്പെട്ട മലമ്പനി രോഗം തിരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ കേരളത്തിൽ മുൻപില്ലാതിരുന്ന ജപ്പാൻജ്വരം, ഡെങ്കിപ്പനി, ചിക്കുൻ ഗുനിയ എന്നീ പകർച്ചവ്യാധികളും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.<br>ഇവയെല്ലാം കൊതുകു പരത്തുന്ന രോഗങ്ങളായതിനാൽ കൊതുകു നശീകരണത്തിന് പ്രാധാന്യം നൽകി ക്കൊണ്ടുള്ള കർമ്മ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഈ വർഷം ആരംഭിച്ച സമഗ്ര ആരോഗ്യ പരിപാടിയുടെ കീഴിൽ കൊതുകുജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ വിവിധ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്ത ത്തോടെ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ പകർച്ച |

വ്യാധികളെ നിയന്ത്രിക്കുന്നതിനായി 2010-ൽ രൂപം നൽകിയ ഫോർപ്ളസ് തീവ്രയജ്ഞ പരിപാടിയനുസരിച്ചുള്ള പ്രവർത്തനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇവ കൂടാതെ, ഹോമിയോപ്പതി വകുപ്പിലെ ദ്രുത കർമ്മ സാംക്രമിക രോഗ നിയന്ത്രണ സെൽ മുഖാന്തിരവും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ബി) ഇത് ഉൾപ്പെടെ പരിഹരിക്കുന്ന തരത്തിൽ കേരളത്തിൽ ഒരു സമഗ്ര ആരോഗ്യ നയം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ബി) സമഗ്ര ആരോഗ്യ നയം രൂപീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.